ജി.ഡബ്ല്യൂ.എൽ.പി.സ്കൂൾ വളയം

2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## * അക്കാദമിക മാസ്റ്റർ പ്ലാൻ - STD. I

→ **ആമുഖം**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനുതകുന്ന ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ് മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

## * ലക്ഷ്യങ്ങൾ

→ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

→ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

→ ഒറ്റസംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനു കഴിവ് നേടുക.

→ തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

→ കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

* പ്രവർത്തന പദ്ധതി

ലക്ഷ്യം:- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* ജൂൺ:-

→ ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

→ രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം.

* ജൂലൈ:-

→ ടീച്ചർ പുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.

→ വീട്ടുവായന രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. [ചൂണ്ടിവായന]

→ കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.

→ ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

→ കഥാ ശില്പശാല

→ ചിത്രകാർഡുകൾ, വായനകൾ നിർമ്മാണ ശില്പശാല

→ ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണുന്നതിനും കേൾക്കാനും പുനരവതരണത്തിനുള്ള സാധ്യതകൾ ഒരുക്കൽ

* ആഗസ്റ്റ്:-

→ ലൈബ്രറി സാധ്യതകൾ, വായനാ കോർണറുകൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ.

→ കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം.

* സെപ്തംബർ:-

→ ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. [കുട്ടിയുടെ വാചിക പ്രകടനങ്ങൾ]

* എല്ലാ മാസവും

→ ഭാഷാ പരിശീലനങ്ങളിൽ സ്വയം നിർമിത കഥകൾ വായിക്കൽ.

→ ഒന്നാം തരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിപ്പിക്കുന്നതിനാവശ്യമായ വായനാ കാർഡുകളുടെ വിതരണം.

→ ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കൽ

## STD. II

ആമുഖം:- രണ്ടാം ക്ലാസിലെ കുട്ടികളുടെ സർഗ്ഗാത്മകതയും ആശയ ഗ്രഹണ ശേഷി ഉദ്ദേശത്തോടെ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സംരംഭമാണ് സംയുക്ത- സചിത്ര സർഗ്ഗാത്മക ഡയറി. ഓരോ കുട്ടിയും ആദ്യം മാതാപിതാക്കളുടെയും അധ്യാപകരുടെയും ചിത്രങ്ങളുടെയും സഹായത്തോടെ ദൈനംദിന ജീവിതാനുഭവങ്ങൾ ആവിഷ്കരിക്കുന്നു. ജീവിതത്തിലെ ഓരോ സംഭവവും കുട്ടികൾ നോക്കിക്കാണുന്ന രീതിയും ഭാഷാ നൈപുണികൾ നേടുന്നതിലെ വളർച്ചയും ഇതിലൂടെ നമുക്കറിയാം. സ്വതന്ത്ര മനസ്സോടെ ഭാഷാ ശേഷികൾ നേടാൻ കുട്ടികൾക്ക് സാധിക്കട്ടെ.

* ലക്ഷ്യങ്ങൾ:

→ ചിത്രങ്ങളിലൂടെ ജീവിതാനുഭവങ്ങൾ ഓർമ്മയിൽ പതിപ്പിക്കാൻ സാധിക്കുന്നു.

→ ഭാഷാ നൈപുണികൾ / ശേഷികൾ നേടുന്നു.

→ കുട്ടി സ്വയം തെറ്റ് കൂടാതെ ദൈനംദിന ജീവിതാനുഭവങ്ങൾ അക്ഷരാവിഷ്കാരം ചെയ്യുന്നു.

→ ചിത്രങ്ങൾക്ക് സഹായത്തോടെ അടിക്കുറിപ്പ് എഴുത്
→ ചിത്രവായനാ കാർഡുകൾ തയ്യാറാക്കൽ
→ കൂട്ടുവായന, കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായ
ചിത്രകഥാ വായന നടത്തുന്നു.

* ഒക്ടോബർ:-

→ ലളിതമായ വായനാ കാർഡുകൾ സഹായത്തോടെ വായിക്കുന്നു.
→ വേദികളിൽ സ്വതന്ത്രമായി കഥ പറയൽ.

* നവംബർ:-

→ ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.
→ കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം.
→ നാട്ടുവായന, കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

* ജനുവരി:-

→ ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
→ വായനാ കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

* ഫെബ്രുവരി:-

→ ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.
→ കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ വായിക്കുന്നു.

* മാർച്ച്:-

→ ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു
→ നവമാധ്യമങ്ങളിൽ പങ്കിടുന്നു. (നാട്ടുവായന)

* പ്രവർത്തനങ്ങൾ:

→ സംയുക്ത ഡയറി: മാതാപിതാക്കളുടെ സഹായത്തോടെ ദൈനംദിന ജീവിതാനുഭവങ്ങൾ തെറ്റു കൂടാതെ ഒന്നോ രണ്ടോ വാക്യത്തിൽ ആവിഷ്കരിക്കുന്നു. [ജൂൺ, ജൂലൈ]

* സാമഗ്രികൾ: നോട്ട്ബുക്ക്, ക്രയോൺസ്, സ്കെച്ച് പെൻ, ചിത്രചാർട്ട്, കളർ A4 പേപ്പറുകൾ.

* ചുമതലകൾ: മാതാപിതാക്കൾ, കുട്ടികൾ

→ മാതാപിതാക്കളുടെ സാന്നിധ്യത്തിൽ അവരുടെ ആവശ്യമുള്ള കൈത്താങ്ങോടെ ചിത്രങ്ങൾ വരച്ചും കുട്ടി ദൈനംദിന ജീവിതാനുഭവങ്ങൾ സ്വയം ആവിഷ്കരിക്കാൻ ശ്രമിക്കുന്നു. [ആഗസ്റ്റ്, സെപ്തംബർ]

* ചുമതല: അധ്യാപകർ, കുട്ടികൾ, മാതാപിതാക്കൾ.

* സചിത്ര ഡയറി: കൂടുതൽ ചിത്രങ്ങൾ ചേർത്ത് ജീവിതാനുഭവങ്ങളെ രണ്ടോ മൂന്നോ വാക്യങ്ങളിലൂടെ സ്വയം ആവിഷ്കരിക്കാൻ ശ്രമിക്കുന്നു. അധ്യാപിക വേണ്ട കൈത്താങ്ങ് നൽകുന്നു. [ഒക്ടോബർ, നവംബർ]

* ചുമതല: അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ.

→ ചിത്രങ്ങളോടൊപ്പം ശരിയായ വാക്യഘടന പാലിച്ച് ആശയ ചോർച്ചയില്ലാതെ ആവിഷ്കാരം നടത്താൻ കുട്ടി ശ്രമിക്കുന്നു. അധ്യാപിക ആവശ്യമെങ്കിൽ മതിയായ പിന്തുണ നൽകുന്നു. [ഡിസംബർ, ജനുവരി]

* ചുമതല: അധ്യാപകർ, കുട്ടികൾ, മാതാപിതാക്കൾ.

* സർഗാത്മക ഡയറി: ഡയറിയെഴുത്തിൽ ചിത്രം കുറച്ച് ശരിയായ വാക്യഘടന പാലിച്ച് ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുടെ ഒന്നിൽ കൈത്താങ്ങില്ലാതെ നാലോ അഞ്ചോ വാക്യത്തിൽ കുട്ടി ദൈനംദിന ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുന്നു. രേഖപ്പെടുത്തുന്നു. അധ്യാപിക മൂല്യനിർണയം നടത്തുന്നു. ആവശ്യമെങ്കിൽ ഫീഡ്ബാക്

വേർഷൻ നൽകുന്നു. [ഫെബ്രുവരി, മാർച്ച്]

* ദിനാഘോഷ പ്രവർത്തനം

→ ചിത്രങ്ങളിലൂടെ ജീവിതാനുഭവങ്ങൾ തിരിച്ചറിയാൻ ശ്രമിക്കുന്നു.

→ സംയുക്ത - സചിത്ര - സർഗ്ഗാത്മക ഡയറി പ്രദർശനവും പ്രകാശനവും നടത്തുന്നു (കുഞ്ഞെഴുത്ത്)

* ചുമതല: PTA, CPTA അധ്യാപക, മാതാപിതാക്കൾ, കുട്ടികൾ

## STD · III

മേഖല: അക്കാദമികം

ഉപമേഖല: ഭാഷ.

* ലക്ഷ്യം:- സാഹിത്യ പ്രതിഭകളെ അടുത്തറിയാം.

→ വായനാ പരിപോഷണം.

* പ്രവർത്തനം

→ കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം (ജൂൺ)

→ പുസ്തക പ്രകാശന ശേഖരണവും പ്രദർശനവും (ജൂൺ-ഡിസംബർ)

→ ചിത്ര ഗാലറി (ജനുവരി)

→ പൊതു സ്ഥാപനവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം. [നവംബർ]

→ വായനക്കളരി [എല്ലാ ചൊവ്വാഴ്ച]

→ നാട്ടു വായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം [ജനുവരി]

## STD · IV

* പ്രവർത്തന ലക്ഷ്യങ്ങൾ

→ നാലാം ക്ലാസിലെ എല്ലാ കുട്ടികളും തങ്ങളുടെ അനുഭവങ്ങളെയും കണ്ട കാഴ്ചകളെയും സർഗ്ഗാത്മകമായി/വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കാൻ പ്രാപ്തി നേടുന്നു.

* പഠന നേട്ടങ്ങൾ

→ അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു

→ ആശയങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നു.
എല്ലാ കുട്ടികളും പാഠപുസ്തകത്തിലെ കവിതകളുടെ ആശയത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ഭാവാത്മകമായി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു.

* ലക്ഷ്യങ്ങൾ

→ ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
പ്രവർത്തനം:- ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ
*കാലം:- ലക്ഷ്യം നേടുന്നത് വരെ.
* ചുമതല: SRG, ക്ലാസ് ടീച്ചർ
* വായിക്കാം വളരാം: വായനാ ശേഷി വളർത്തൽ.
*പ്രവർത്തനം:- ക്ലാസ് വായനാകൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാകുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന.
*കാലം:- വർഷം മുഴുവൻ
* ചുമതല:- HM SRG Class teacher, CPTA
*ലക്ഷ്യം: എഴുതാം തെളിയിക്കാം
→ എഴുത്ത് പരിപോഷിപ്പിക്കൽ.
പ്രവർത്തനം: പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ.
കാലം:- പ്രതിമാസം [വർഷം മുഴുവൻ]
ചുമതല:- SRG Class Teacher.
* ലക്ഷ്യം:- എഴുത്തുകാരുമായി സംവദിക്കൽ
→ ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ.

* പ്രവർത്തനം:- സാഹിത്യകാരന്മാരുമായി എഴുത്തി ലൂടെ സംവദിക്കൽ.
കാലം:- ആവശ്യാനുസരണം.
ചുമതല:- class teacher.
ലക്ഷ്യം:- കണ്ടറിയാം തേടറിയാം..
→ അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ.
പ്രവർത്തനം:- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ.
കാലം:- ആവശ്യാനുസരണം
ചുമതല:- class teacher.
ലക്ഷ്യം:- രുചിച്ചറിയാം
→ നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ.
പ്രവർത്തനം:- ഭക്ഷ്യമേള, പാചക കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ
കാലം:- വർഷത്തിലൊന്ന്
ചുമതല:- SRG, class teacher, PTA.
ലക്ഷ്യം:- ഓർക്കാം അറിയാം (സാഹിത്യകാരന്മാർ)
സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അനുസ്മരിക്കൽ.
പ്രവർത്തനം:- ഓർമ്മ ദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം. പുസ്തക പരിചയം - ക്വിസ്, ലഘു ഉപന്യാസം, ജീവിത രേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം.

ലക്ഷ്യം:- കലക്കൂട്

→ പാരമ്പര്യവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ

പ്രവർത്തനം:- പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം സ്കൂളിലേക്ക് കലാവതരണം. ഇവയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം

കാലം:- വർഷത്തിലൊരിക്കൽ

ചുമതല:- H.M, SRG, CPTA, class teaches.